(സി) ഇവരിൽ ആരെയും എംപ്ലോയ്മെന്റ് വഴിയല്ല നിയമിച്ചത്.

(ഡി) ഐ. എച്ച്. ആർ. ഡി. യുടെ ഭരണസമിതി അംഗീകരിച്ചു പുറപ്പെടുവിച്ചിട്ടുള്ള റിക്രൂട്ട്മെന്റ് പോളിസി അനുസരിച്ച്, ഐ. എച്ച്. ആർ. ഡി. ഡയറക്ടർക്ക് ടി ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ തസ്തികയിൽ തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണ്. ഇതനുസരിച്ച് ഐ. എച്ച്. ആർ. ഡി. യുടെ ആരംഭകാലം മുതൽ വിവിധ സ്ഥാപനങ്ങളിൽ, ടി തസ്തികകളിൽ, ആളുകളെ കണ്ടെത്തി, തികച്ചും താൽക്കാലികമായിട്ടാണ് നിയമനം നടത്തിവരുന്നത്.

(ഇ) ലൈബ്രറി അസിസ്റ്റന്റ് തസ്തികയിൽ നിന്നും പിരിച്ചുവിടേണ്ടിവന്ന ചില താൽക്കാലിക ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ലോക ബാങ്ക് പദ്ധതികൾ

127 [3653] *ശ്രീ. ടി. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇവ ഓരോന്നിലും ലോകബാങ്ക് സഹായം എത്രത്തോളമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) ലോകബാങ്കിന്റെ മൂന്നാം ടെക്നിക്കൽ എഡ്യൂക്കേഷൻ പദ്ധതിയുടെ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തിയ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ഇ) ഈ സ്ഥാപനങ്ങളിൽ ഉണ്ടായ പ്രവർത്തന പുരോഗതി എന്തൊക്കെയാണ്?

ഉത്തരം

(എ) ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (ടി. ഇ. ക്യൂ. ഐ. പി.) ആണ് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കി വരുന്ന ഏകപദ്ധതി.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾക്കായി 43.34 കോടി രൂപയ്ക്കുള്ള പദ്ധതി ചെലവ് അംഗീകരിച്ചിട്ടുണ്ട്.

(സി) ടി പദ്ധതി അതിന്റെ പ്രാരംഭ ദിശയിലാണ്.

(ഡി) ഈ പദ്ധതിയിൻ കീഴിൽ 'സെന്റർ ഓഫ് എക്സലൻസ്' ആയി ഉയർത്തുന്ന ഒരു സ്കീം നിലവിലില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly